# ACADEMIC MASTER PLAN

# വെളിച്ചം

GLPS VAMANJOOR

# ആമുഖം

ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ തന്നെ നേടി എന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രഗുണമേന്മവിദ്യാഭ്യാസ പദ്ധതി നിലവിൽ വന്നിരിക്കുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ആവശ്യമായ പിന്തുണ നൽകി അവരെ മുന്നേറാൻ പ്രാപ്തരാക്കുന്നതിന് കൃത്യമായ ആസൂത്രണം ആവശ്യമായിട്ടുണ്ട് പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന പ്രതീക്ഷയോടെ അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.............

# ജി.എൽ.പി.എസ് വാമഞ്ചൂർ

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ ഹൊസംഗടി ഗേറ്റിനു സമീപമുള്ള വാമഞ്ചൂർ എന്ന സ്ഥലത്ത് 1927-ൽ ആരംഭിച്ച വിദ്യാലയമാണ് ജി.എൽ.പി.എസ് വാമഞ്ചൂർ തുടക്കത്തിൽ 9 ആൺകുട്ടികളുമായി ഒരു ചെറിയ ഒരുമുറി പീടികയിൽ ആശാന്റെ പള്ളിക്കൂടമായിട്ടാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1947 ന് ശേഷം ഈ സ്കൂൾ സർക്കാർ എലിമെന്ററി വിദ്യാലയം എന്ന പേരിലറിയപ്പെട്ടു.

2000-ത്തിൽ സ്കൂൾ ഹൊസംഗടി ടൗണിനടുത്തുള്ള വാമഞ്ചൂർ ഗുഡെ എന്ന നയന മനോഹരമായ പ്രദേശത്തേക്ക് സ്ഥലം മാറ്റി ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ ക്ലാസുകൾ നടത്താനുള്ള സൗകര്യം ഉണ്ടായി എല്ലാ പരാധീനതകൾക്കിടയിലും പലരുടെയും നിരന്തര പ്രയത്നങ്ങളുടെ ഫലമായി വാമഞ്ചൂർ സ്കൂൾ ഇന്ന് കാണുന്ന നിലയിലേക്ക് എത്തിച്ചേർന്നു.

ഏകദേശം നൂറോളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ മലയാളം, കന്നഡ എന്നീ ഭാഷകളിലായി 8 ഡിവിഷനുകൾ ഉണ്ട്. സ്കൂളിന്റെ ഇപ്പോഴത്തെ പ്രധാനധ്യാപിക ശ്രീമതി സിൽവിയ ടീച്ചർ ആണ്. 9 അധ്യാപികമാർ ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കുന്നു

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ
- കൃഷി, ഔഷധത്തോട്ടം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് ക്ലാസ്തല സംഘങ്ങൾ രൂപീകരിക്കൽ
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കും
- വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും

# ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• ചിത്രവായന<br>• അക്ഷരകാർഡ് നൽകൽ<br>• പദകാർഡ് വായന | ജൂൺ - ജൂലൈ | ചിത്രങ്ങൾ കാർഡുകൾ | SRG |
| കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക | • വായനാമൂല , ക്ലാസ്ലൈബ്രറി സജ്ജമാക്കൽ<br>• പത്രവായന<br>• സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ<br>• പുസ്തകപ്രദർശനം<br>• വായനോത്സവം സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | പുസ്തകങ്ങൾ | SRG |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| → കുട്ടികളെ അർത്ഥപൂർണ്ണമായി വായിക്കാൻ പ്രാപ്തരാക്കുക. | • ഉച്ചഭാഷിണിയിലൂടെ അസംബ്ലിയിൽ ഒരു ദിനം ഒരു കുട്ടിയുടെ വായന<br>• പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു വായനാമൂലയിൽ ~~വെയ്ക്കുന്നു~~. സജ്ജീകരിക്കുന്നു. | | | |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | • പുസ്തകചർച്ച<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | പുസ്തകങ്ങൾ | ക്ലാസ് ടീച്ചർ |

# ENGLISH

| Aim | Activities | Duration | Materials | Support |
|---|---|---|---|---|
| To speak, Read and write English with out any mistakes | <u>listening skills</u><br>•) Games<br>•) Action songs<br>•) simple coversations<br>•) spokon English class<br>•) Hello English Activities<br>•) English Language hab<br>→ conduct English assembly one in a week<br>→ Reading cards | June – March | | SRG<br>class teacher |

| Aim | Activities | Duration | Materials | Support |
|---|---|---|---|---|
| • To develop reading skills | → Books reading | | | |
| • Develop the creative speaking and writing | → Picture description<br>→ Develop story<br>→ English diary<br>→ Thoughts<br>→ Make riddles, conversations<br>→ Add more lines.<br>→ English Balasabha | | | |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചുമതല |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | → പ്രകൃതിനടത്തം<br>→ ഔഷധത്തോട്ട നിർമ്മാണം<br>→ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ<br>→ ഫീൽഡ്ട്രിപ്പുകൾ<br>→ അടുക്കളത്തോട്ട നിർമ്മാണം<br>→ ജൈവവൈവിധ്യഉദ്യാനം | ജൂൺ-മാർച്ച് | | SRG<br>ക്ലാസ് ടീച്ചർ |
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | → ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>→ പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി കുറിപ്പ് തയ്യാറാക്കൽ | ജൂൺ-മാർച്ച് | | ക്ലാസ് ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കാൻ [മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ] | ജൂൺ | മഞ്ചാടി കളിനോട്ട് കാർഡുകൾ | SRG ക്ലാസ് ടീച്ചർ |
| ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് തയ്യാറാക്കി നൽകൽ<br>→ കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | ജൂൺ - മാർച്ച് | വർക്ക് ഷീറ്റ് | SRG |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| - ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്ക പരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ- മാർച്ച് | | |
| - അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ, ശില്പശാലകൾ സംഘടിപ്പിക്കൽ<br>- ഗണിതച്ചന്ത | ജൂൺ - മാർച്ച് | | |